കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ക്ലാപ്പന ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.-കെ.എസ്.എ.-കെ.എൽ.എം./പി-8/455/2020

കേരള സംസ്ഥാന ഓഡിറ്റ് സീനിയർ

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കൊല്ലം ജില്ല

തീയതി-03.06.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ക്ലാപ്പന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ക്ലാപ്പന ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-8/455/2020 തീയതി-03.06.2020.

## കൊല്ലംജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19-07-2018 മുതൽ 13-01-2020 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണംപിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നുലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.സൈമൺ .കെ , ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 13.01.2020 മുതൽ 21.01.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.എസ്.എസ്.പ്രീത | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.സോണിയ. ജെ.സെബാസ്റ്റ്യൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ജൂഡിറ്റ് വർഗീസ് എൻ | സീനി.ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി. ജമീല | ഓഡിറ്റർ |

| | | |
|---|---|---|
| | ബീവി.എം | |
| | ശ്രീമതി. സുനിത സെബാസ്റ്റ്യൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എസ്.എം ഇക്ബാൽ | 01.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ശ്രീ.സുശീന്ദ്രൻ. കെ | 1.4.18 മുതൽ 31.03.19 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീമതി.താര.ആർ | 1.4.18 മുതൽ 31.3.19 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ആശാ ശങ്കർ | 01.04.18 മുതൽ 31.03.19 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.ബി.മല്ലികാദേവി | 1.4.18 മുതൽ 31.5.18 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.എൽ .ജലജ | 01.06.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി ക്ലാപ്പന | ഡോ.ബുഷ്റ.ടി | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ജയലത .പി.ആർ | 01.04.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, | ഡോ.നാൻസി കരീം | 01.04.18 |

| | | |
|---|---|---|
| ഗവ.ഹോമിയോ ഡിസ്പെസറി,ക്ലാപ്പന | | മുതൽ 26.6.18 വരെ |
| | ഡോ.ശ്രീന എസ് നായർ | 27.6.18 മുതൽ 31.3.19 വരെ |
| വെറ്റിനറിസർജൻ,ക്ലാപ്പന | ഡോ.ജിൻസി ജോർജ്ജ് | 01.04.18 മുതൽ 3.09.18 വരെ |
| | ഡോ.ശ്രീജാ ലക്ഷ്മി | 4.9.18 മുതൽ 31.3.19 വരെ |
| വി.ഇ.ഒ എ സർക്കിൾ | ശ്രീ.പ്രേം കുമാർ | 01.04.18 മുതൽ 31.03.19 വരെ |
| എൽ.വി.ഇ.ഒ ഗ്രേഡ്2 | ശ്രീമതി.വീണ | 01.04.18 മുതൽ 6.02.19 വരെ |
| | ശ്രീമതി.ഷീബ | 07.02.19 മുതൽ 31.3.19 വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി. ലില്ലികുട്ടി | 01.04.18 മുതൽ 31.03.19 വരെ |
| അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ശ്രീമതി.സലില എസ് | 01.03.18 മുതൽ 18.6.18 വരെ |
| | ശ്രീമതി.സീമ.കെ.എസ് | 19.6.18 AN മുതൽ 11.03.19 FN വരെ |
| | ശ്രീമതി.ലീന ജോസ് | 11.3.19 AN മുതൽ 31.3.19 FN വരെ |
| | | |

| | | |
|---|---|---|
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി.പത്മജദേവി.ആർ | 1.04.18 മുതൽ 31.03.19 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1<br>ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | റേഷൻ കടകൾ ഡി&ഒ ലൈസൻസ് എടുക്കുന്നില്ല. | 1-12 |
| 13 | ലൈഫ് മുൻകൂർ തുക അനുവദിച്ചിട്ടും ഭവനനിർമ്മാണം തുടങ്ങിയില്ല | 1-13 |
| 14 | ക്യാൻസർ നിർണയ ക്യാമ്പ് -തുടർനടപടി ലഭ്യമല്ല. | 1-14 |
| 15 | മരുന്ന് വാങ്ങൽ പദ്ധതി-മരുന്ന് ലഭ്യമാകാൻഅവശേഷിക്കുന്നു. | 1-15 |
| 16 | തൊഴിൽ നികുതി അടവാക്കിയതായി രേഖകളില്ല | 1-16 |
| 17 | ഭവന നിർമ്മാണ പദ്ധതിയ്ക്ക് മുൻപ് ആനുകൂല്യം കൈപ്പറ്റിയവർക്ക് വീണ്ടും ആനുകൂല്യം നൽകി. | 1-17 |
| 18 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു, 14,248/- രൂപ നിരാകരിക്കുന്നു. | 1-18 |
| 19 | വിനിയോഗ സാക്ഷ്യപത്രങ്ങളില്ല, 90,000/-തടസ്സപ്പെടുത്തുന്നു. | 1-19 |
| 20 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 3,64,290/-രൂപ തടസ്സപ്പെടുത്തുന്നു | 1-20 |
| 21 | വെള്ളക്കരക്കുടിശ്ശിക-നടപടികൾ അനിവാര്യം | 1-21 |

| | | |
|---|---|---|
| 22 | സി.സി .ടി.വി സ്ഥാപിക്കൽ-പദ്ധതിയ്ക്ക് മുൻകൂർ നൽകിയ 35,53,031/-രൂപ തടസ്സപ്പെടുത്തുന്നു | 1-22 |
| 23 | വിതരണ രേഖകളില്ല,ലൈബ്രറികൾക്ക് വേണ്ടി ചെലവഴിച്ച 1,89,048/-തടസ്സപ്പെടുത്തുന്നു. | 1-23 |
| 24 | മാർഗ്ഗ രേഖയിൽ പ്രതിപാദിക്കാത്ത പദ്ധതി മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കി. | 1-24 |
| 25 | അതുല്യം പദ്ധതി-പഠിതാക്കളുടെ ഹാൾ ടിക്കറ്റ്,വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല 44900/-രൂപ തടസ്സപ്പെടുത്തുന്നു | 1-25 |
| | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 26 | മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി തുക ചെലവഴിച്ചു, 14,260/- രൂപ നിരാകരിക്കുന്നു. | 3-1 |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 27 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 28 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 29 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 33 | ഓഡിറ്റ് റിക്കവറി | 4-7 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 35 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |

| | | |
|---|---|---|
| 38 | ഓഡിറ്റ് സാക്ഷ്യപത്രം, 2018 – 2019 | അനുബന്ധം-1 |
| 39 | അനുബന്ധ പത്രികകൾ | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

28-03-2018 തീയതിയിലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 16/02/19 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 13-05-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,66,43,290/- |
| വരവ് | 7,83,32,900/- |
| ആകെ | 9,49,76,190/- |
| ചെലവ് | 8,10,58,594/- |
| നീക്കിയിരിപ്പ് | 1,39,17,596/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 17001918 | 17001918 | 15406724 | 1595194 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 4082000 | 4082000 | 2779714 | 1302286 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡ് (ACR പ്രകാരം) | 0 | 6532000 | 6532000 | 4858689 | 1673311 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് (ACR പ്രകാരം) | 0 | 3562000 | 3562000 | 3561556 | 444 |
| സെൻട്രൽ ഫിനാൻസ് | 0 | 7337000 | 7337000 | 7217803 | 119197 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | | | | |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 11000 | 0 | 11000 | 0 | 11000 |
| ദുരിതാശ്വാസനിധി | | 10558 | 0 | 10558 | 59 | 10499 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 28081306 | 28081306 | 28081306 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 9371 | 589354 | 598725 | 589268 | 9457 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 1.TSC | | 595800 | 1280682 | 1876482 | 0 | 1876482 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 1.ഫിഷറീസ് | | 28369 | 0 | 28369 | 0 | 28369 |
| 2.ശുചിത്വ മിഷൻ | | 51050 | 150000 | 201050 | 150000 | 51050 |
| 3.വിമുക്തി ഫണ്ട് | | 37500 | 25000 | 62500 | 33760 | 28740 |
| 4.കുടുംബശ്രീ ഫണ്ട് | | 493988 | 1250000 | 1743988 | 0 | 1743988 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 652282 | 5644293 | 6296575 | 5174293 | 1122282 |
| | ജില്ലാ പഞ്ചായത്ത് | 800000 | 1850193 | 2650193 | 1809195 | 40998 |
| ബി ഫണ്ട് | | 0 | 525720 | 525720 | 525720 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 10209419 | 24211127 | 34420546 | 26133236 | 8287310 |
| | ട്രഷറി അക്കൗണ്ട് | 4779946 | 8971599 | 9023025 | 4874057 | 4148968 |
| എസ്.ബി.റ്റി-ബേബി ഫ്രണ്ട്ലി ടോയ് ലെറ്റ് | | 51426 | 0 | 51426 | 0 | 51426 |
| കാനറാ ബാങ്ക്,ഓച്ചിറ- SAGY ഫണ്ട് | | 0 | 11196 | 11196 | 0 | 11196 |

കുറിപ്പ്:

1. ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 56,44,293 /- രൂപയിൽ 5,64,418/- രൂപ തിരിച്ചടച്ചു. ബാലൻസ് 50,79,875/-രൂപയാണ് വരവായി ഉൾപ്പെടുത്തിയിരിക്കുന്നത്.

2. സാഗി(SAGY) ഫണ്ട് അക്കൌണ്ടിൽ വരവ് വന്നിട്ടുള്ള 11196 രൂപയിൽ, 10000 /-രൂപ SAGY ഫണ്ടും, 196/- രൂപ പലിശയും, 1000 രൂപ അക്കൌണ്ട് തുടങ്ങാൻ നിക്ഷേപിച്ചിട്ടുള്ളതുമാണ്.

3. എം.ജി.എൻ.ആർ.ഇ.ജി.എസ്ഭരണച്ചെലവിൽ 750/- രൂപ ജേർണൽ എൻട്രി ചെയ്യുതായതിനാൽ RP-31 ൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ 5,89,354/- രൂപ RP-31 ലെ തുകയും 750 രൂപയും ചേർന്ന തുകയാണ്.

4. ടി.എസ്.സി (TSC) ഫണ്ടിനത്തിലെ ബാലൻസ് തുകയായ 18,76,482/- രൂപയിൽ 7,71,406 /-രൂപ അക്കൗണ്ടിലും, 11,05,076/- രൂപ ട്രഷറി ടി.എസ്.ബി അക്കൌണ്ടിലുമാണ്

നിക്ഷേപിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 180 | 18,92,56,532/- | 135 | 10,38,34,505/- | - | 45 | 75% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9371 | 589354 | 598725 | 589268 | 9457 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 28081306 | 28081306 | 28081306 | 0 |

എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണച്ചെലവിൽ 750/- രൂപ ജേർണൽ എൻട്രി ചെയ്തതായതിനാൽ RP-31 ൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ <u>5,89,354 /-</u>രൂപ RP-31 ലെ തുകയും 750/- രൂപയും ചേർന്ന തുകയാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 285720/- | 175 |
| കർഷകതൊഴിലാളി പെൻഷൻ | 3878400/- | 346 |
| വിധവാപെൻഷൻ | 1,12,19,500/- | 919 |
| വാർദ്ധക്യകാലപെൻഷൻ | 1,66,18,300/- | 1379 |
| വികലാംഗപെൻഷൻ | 44,97,200/- | 349 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,40,000/- | 8 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകർക്കുള്ള പെൻഷൻ | 9,09,600/- | 75 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-01-2020 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14,266/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധന ഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജനരേഖ പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്.

എ) ഫ്രണ്ട് ഓഫീസ് പ്രവർത്തനം

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

നികുതിപിരിവിന്റെ കാര്യക്ഷമത ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

സി) വരവ്-ചെലവുകളുടെ അക്കൗണ്ടിംഗ്

കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്.

പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29 – ാം വകുപ്പിൽ പ്രതിപാദിക്കുംപ്രകാരം ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൌച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്,ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം തൃപ്തികരമാണ്.

ഡി) അനിവാര്യചുമതലകളുടെ നിർവ്വഹണം

കേരളാപഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് 1-ാം ഉപവകുപ്പിൽ ഉൾപ്പെട്ട തെരുവുവിളക്കുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മേൽ പദ്ധതിപ്രകാരമുള്ള വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/ പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിൽ നടത്തുന്നുണ്ട്.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി അഭ്യന്തര നിയന്ത്രണ സംവിധാനം നിലനിൽക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31/11/19-02/12/19 | 9/2019, 10/2019 | 02/12/19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.09.18 മുതൽ 01.10.18 വരെ | 2013-14 മുതൽ 2017-18 വരെ | 31.10.18 |

## 1-11 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിക്കുന്ന സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

ന്യൂനതകളുടെ സംഗ്രഹം

1)വസ്തുനികുതി റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ ബിൽഡിംഗ് എന്നിവയിലെ ഡിമാന്റ് സാംഖ്യ - സഞ്ചയ സോഫ്റ്റ്‌വെയറുകൾ തമ്മിൽ തുകയിൽ വ്യത്യാസം കാണുന്നു. ടി വ്യത്യാസം ബുക്ക് അഡ്ജസ്റ്റ്മെന്റ് എന്നതാണെന്ന മറുപടിയുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

2)അടുത്ത വർഷത്തേക്കുള്ള അഡ്മിനിസ്ട്രേറ്റീവ്, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി തൻവർഷം ബി-9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

3)കോൺട്രാക്ടേഴ്സ് ഇ.എം.ഡി, ഓക്ഷൻ ഡിപ്പോസിറ്റ് എന്നീയിനങ്ങളിൽ യഥാക്രമം നിലനിൽക്കുന്ന 7,350/- (2014-15), 500/- (2015 -16) തുകകൾ കണ്ടുകെട്ടിയിട്ടില്ല.

4)കെ.യു.ആർ, ഡി.എഫ്.സി ലോൺ റസീപ്റ്റ് & പേയ്മെന്റ് , പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് എന്ന ഹെഡിൽ (RP-45) ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

5)സ്റ്റോക്ക് രജിസ്റ്റർ മൂല്യനിർണ്ണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

6)ഫെസ്റ്റിവെൽ അഡ്വാൻസ് ഇനത്തിൽ 2013-14 മുതൽ ബി-18-ൽ

നീക്കിയിരിപ്പുള്ള 1,600/-രൂപ ക്രമവത്കരിച്ചിട്ടില്ല.

7)വിവിധയിനം ഗ്രാന്റുകൾ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

വിമുക്തി ഫണ്ട് SCB Clappana 7233 അക്കൗണ്ടിലും , ഐ.സി.ഡി.എസ്സ് ബഡ്സ് സ്കൂൾ ഗ്രാന്റ് എന്നിവ ട്രഷറി, ടി.എസ്.ബി അക്കൗണ്ടിലും സൂക്ഷിച്ചിരിക്കുന്നു. സ്പെസിഫിക് പർപ്പസ് ഗ്രാന്റുകളായ കുടുംബശ്രീ എന്നിവയ്ക്ക് വന്ന തുക Own Fund Account ൽ സൂക്ഷിച്ചിരിക്കുന്നു.

8)I -18 – ൽ ഉൾപ്പെട്ട Prior period Income Residential, Non Residential Building ഇനത്തിൽ വരവ് വന്ന തുകയുടെ ആധികാരികത സഞ്ചയ സോഫ്റ്റ്വെയർ ഉപയോഗിച്ച് പരിശോധിച്ച് ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല

## 1-12 റേഷൻകടകൾ ഡി&ഒ ലൈസൻസ് എടുക്കുന്നില്ല.

പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുക്കുന്നില്ല. റേഷൻകടകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസില്ലാതെ ഒരു വ്യാപാരമോ, വ്യവസായമോ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുവാൻ പാടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149).

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

എൻക്വയറി നം.14തീയതി -21/1/2020

## 1-13 ലൈഫ് മുൻകൂർ തുക അനുവദിച്ചിട്ടും ഭവനനിർമ്മാണം തുടങ്ങിയില്ല

ബിൽ നമ്പർ-4/2018 തീയതി,27.07.18

തുക-32,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

പ്രോജക്ട് നമ്പർ-7 (പൊതുവിഭാഗം)

ക്ലാപ്പന ഗ്രാമപഞ്ചായത്തിൽ ലൈഫ്ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് മുൻകൂർ തുക 40,000/-രൂപ 27/07/18ൽ കൈപ്പറ്റിയ വാർഡ്-2ലെ ഗുണഭോക്താവായ ശ്രീമതി സുശീല ചന്ദ്രബാബു നാളിതുവരെയായി ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.പ്രസ്തുത ഗുണഭോക്താവ് ഭവനനിർമ്മാണം ആരംഭിക്കാത്തതിന്റെ വിശദാംശങ്ങൾ ആരാഞ്ഞു നൽകിയ എൻക്വയറിക്ക് ഗുണഭോക്താവിന് ഭൂമി സംബന്ധമായ പ്രശ്നങ്ങൾ നിലനിൽക്കുന്നു എന്നും

പ്രസ്തുത പ്രശ്നങ്ങൾ തീരുന്ന മുറക്ക് മാത്രമേ ഭവനനിർമ്മാണം ആരംഭിക്കാൻ കഴിയുകയുള്ളൂ എന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ സമയപരിധിക്കുള്ളിൽ ഭവനനിർമ്മാണം ആരംഭിക്കുന്നില്ല എങ്കിൽ തുക തിരികെ അടവാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

എൻക്വയറി നമ്പർ -16, തീയതി 21.01.2020

## 1-14 ക്യാൻസർ നിർണയ ക്യാമ്പ് -തുടർനടപടി ലഭ്യമല്ല.

2018-19 വർഷം തനത് ഫണ്ടിൽ നിന്നും 25,000/-രൂപ ചെലവഴിച്ച്(ചെക്ക്നം. 1569963/29.12.2018) മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എസ്. 0059/19-ക്യാൻസർ നിർണയ ക്യാമ്പ് എന്ന പദ്ധതിയിൽ 10.01.2019 ൽ 109 പേരെ പരിശോധിച്ചതായി ഫയലിൽ കാണുന്നു . ഇവരുടെ പരിശോധനാഫലങ്ങൾ ഫയലിൽ നിന്നും ലഭ്യമല്ല. ക്യാൻസർ നിർണയ ക്യാമ്പിന്റെ തുടർനടപടികൾ വിശദമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ക്യാൻസർ നിർണയ ക്യാമ്പിൽ ഗർഭാശയ ക്യാൻസർ പരിശോധനാ ക്യാമ്പാണ് നടത്തിയതെന്നും സെർവിക്കൽ ക്യാൻസറിനുള്ള പാപ്സ്മിയർ എടുത്ത് ക്യാൻസർ സൊസൈറ്റിയുടെ ലാബിൽ കൊണ്ടുപോയി പരിശോധിക്കുകയും ഒരുമാസം കഴിഞ്ഞേ പരിശോധനയുടെ റിസൾട്ട് ലഭിക്കുകയുള്ളുവെന്നും പോസിറ്റീവ് കേസ് ഒന്നും ഇല്ലാതിരുന്നതു കൊണ്ടാണ് പരിശോധനാ ഫലം ഫയലിൽ ഇല്ലാതെ പോയതെന്നും മറുപടി ലഭ്യമാക്കി. എന്നാൽ പരിശോധനാ ഫലം നെഗറ്റീവാണെന്ന് മെഡിക്കൽ ഓഫീസറെ അറിയിച്ചതായ യാതൊരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ക്യാൻസർ പോലെ ഗുരുതരമായ രോഗങ്ങൾ കണ്ടെത്താൻ ക്യാംപുകൾ നടത്തുന്നത് ശ്ലാഘനീയമാണെങ്കിലും തുടർനടപടികൾ സ്വീകരിക്കാതിരിക്കുന്ന പ്രവണത ആശ്വാസ്യമല്ല. അതിനാൽ തന്നെ ഈ വിഷയത്തിൻമേൽ അധികൃതരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 മരുന്ന് വാങ്ങൽ പദ്ധതി-മരുന്ന് ലഭ്യമാകാൻഅവശേഷിക്കുന്നു.

| പ്രോജക്ടിന്റെ വിവരം | നിർവഹണ ഉദ്യോഗസ്ഥൻ | മരുന്നു വാങ്ങുന്നതിനായി നിക്ഷേപിച്ച തുക, | ബിൽ നം, തീയതി | ലഭിച്ച മരുന്നുകളുടെ വില | ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|
| പാലിയേറ്റീവ് കെയർ S0,45/19 വികസന ഫണ്ട് ജനറൽ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 4,00,000/- | 9/18-19, 30.11.18 | 3,38,799/- | 61,201/- |
| പി.എച്ച്.സി ക്ക് മരുന്ന്, 57/19 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 3,00,000/- | 10/18-19, 17.12.18 | 2,60,914 | 39,086/- |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് റോഡിതരം | | | | | |
| ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന വാങ്ങൽ S0036/19 മെയിന്റനൻസ് ഫണ്ട് റോഡിതരം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1,00,000/- | 1/18-19 , 10.12.18 | 54,880/- | 45,120/- |
| ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ S0024/19 വികസന ഫണ്ട് ജനറൽ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 7,00,000/- | 9/18-19, 28-11-18 | 6,90,875/- | 9,125/- |

ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ -04/20.01.2020, 06/20.01.2020.

## 1-16 തൊഴിൽ നികുതി അടവാക്കിയതായി രേഖകളില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.

2018-19 വർഷത്തെ തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപന തൊഴിൽ നികതി ഈടാക്കിയിട്ടില്ല.

1. കണ്ണാട്ട് ഫിനാൻസ്, ആല്പംപീടിക - II( രണ്ടാം അർദ്ധവർഷം)
2. ബി.എസ്.എൻ.എൽ - I & II( അർദ്ധവർഷങ്ങൾ)

2. സ്ഥാപനങ്ങളില ജീവനക്കാരിൽ നിന്നും തൊഴിൽ നികതി ഈടാക്കിയിട്ടില്ല.

1. ആദിനാട് ശക്തികുളങ്ങര ദേവസ്വം
2. ക്ലാപ്പന വടക്ക് CUCS 431

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മുകളിൽ പരാമർശിച്ച സ്ഥാപനങ്ങളുടെ തൊഴിൽ നികതി ഈടാക്കാത്തതിന് പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി

ലഭിച്ചു. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

3. പി.എച്ച്.സി.വള്ളിക്കാവിലെ ഓഫീസ് മേധാവി സമർപ്പിച്ച ലിസ്റ്റ് പ്രകാരം 9 ജീവനക്കാർ 2018-19സാമ്പത്തിക വർഷം പ്രവർത്തിച്ചിരുന്നതായും, തൊഴിൽ നികുതി ഈടാക്കിയതായും കാണുന്നു. എന്നാൽ ഈ ലിസ്റ്റിൽ ഡോക്ടർ, ഫാർമസിസ്റ്റ്, ഓഫീസ് സ്റ്റാഫ് ,ലാബിലെ ജീവനക്കാർ എന്നിവർ ഉൾപ്പെട്ടിട്ടില്ല. ടി സ്ഥാപനത്തിൽ നിന്നും 2018-19 സാമ്പത്തിക വർഷം പ്രവർത്തിച്ചിരുന്ന ജീവനക്കാരുടെ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കാനും ഈ ലിസ്റ്റ് പൂർണ്ണമാണോയെന്ന് പരിശോധിക്കാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക അടക്കമുള്ള തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

എൻക്വയറി നം.11/20.01.2020.

## 1-17 ഭവനനിർമ്മാണ പദ്ധതിക്ക് മുൻപ് ആനുകൂല്യം കൈപ്പറ്റിയവർക്ക് വീണ്ടും ആനുകൂല്യം നൽകി

ബിൽ നം – 4/2018, തീയതി-27.07.18

തുക – 32,00,000/- രൂപ

2018-19 സാമ്പത്തിക വർഷം വി.ഇ.ഒ നിർവഹണം നടത്തിയ ലൈഫ് ഭവന പദ്ധതിയിൽ മുൻപ് ആനുകൂല്യം കൈപ്പറ്റിയ വ്യക്തിക്ക് രണ്ടാമതും ആനുകൂല്യം നൽകി. 12-ാം വാർഡിലെ ലളിതാരാജൻ പുത്തൻപുരക്കൽ എന്ന വ്യക്തിക്കാണ് ആനുകൂല്യം നൽകിയത്. ടിയാൾക്ക് എസ്.ബി.ഐ ബ്രാഞ്ചിലുള്ള അക്കൗണ്ടിലേക്കാണ് 40,000/-രൂപ ആനുകൂല്യം നൽകിയത്.(അക്കൌണ്ട് നമ്പർ- 67159903265) 2-2-19-ലെ വി.ഇ.ഒയുടെ കത്ത് പ്രകാരം ടിയാൾക്ക് 2000-01 കാലയളവിൽ IAY ഭവന പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചതാണ്. ആയതിനാൽ 22/2018/എൽ.എസ്.ജി.ഡി തീയതി.14/2/18-ാം നമ്പർ ഉത്തരവ് പ്രകാരം അക്കൌണ്ടിൽ ലഭ്യമായ 40,000/-രൂപ തിരികെ അടവാക്കണമെന്ന് കാണിച്ച് ഗുണഭോക്താവിന് കത്ത് നൽകി. 16/2/19ലെ 16(1) നം തീരുമാന പ്രകാരം ടിയാന് തുക അനുവദിച്ച് നൽകുന്നതിന് ഗവൺമെന്റിനോട് സ്പഷ്ടീകരണം ആരായുന്നതിന് വി.ഇ.ഒ-യെ ചുമതലപ്പെടുത്തി. പ്രസ്തുത വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സ്പഷ്ടീകരണം ലഭ്യമായതിനുശേഷം മാത്രമേ തുടർനടപടികൾ സാധ്യമാകൂ എന്ന് സൂചിപ്പിച്ചിട്ടുണ്ട്. മേൽ ആനുകൂല്യ വിതരണത്തിന്മേൽ സ്വീകരിക്കുന്ന തുടർനടപടിയുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 40,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ-12/20.01.2019

## 1-18 മാർഗ്ഗരേഖയ്ക്കു് വിരുദ്ധമായി തുക ചെലവഴിച്ചു, 14,260/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് | എ.ബി.സി പ്രോഗ്രാം |
| പ്രോജക്ട് നം | 37/19 |
| അടങ്കൽ | 2,00,000/-(തനതുഫണ്ട്) |
| ചെലവ് | 1,99,985 |
| ചെക്ക് നം/തീയതി | 0421945/26.03.19 |
| നിർവ്വഹണം | വെറ്റിനറി സർജൻ |

തെരുവുനായ്ക്കളുടെ വന്ധ്യംകരണത്തിന് ജില്ലാ പഞ്ചായത്തുമായി ചേർന്ന് പദ്ധതി നടപ്പിലാക്കാനാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നത്. ശസ്ത്രക്രിയയ്ക്കാവശ്യമായ മരുന്ന്, വാക്സിൻ, അനുബന്ധ സാധനങ്ങൾ,തീറ്റ,വാഹനം എന്നിവയ്ക്കായിട്ടാണ് തനതുഫണ്ടിൽ നിന്നും തുക വകയിരുത്തിയത്.

പന്മനയിലുള്ള കേന്ദ്രത്തിലേയ്ക്ക്നായ്ക്കളെ എത്തിക്കുവാൻ വാഹനം ഏർപ്പെടുത്തുവാൻ ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വോട്ട് ചെയ്തയാൾക്ക് വാഹന വാടകയിനത്തിൽ 50,000/-രൂപ നൽകുകയും ചെയ്തു. നായ്ക്കൾക്ക വേണ്ടി 4,060/-രൂപ ചെലവഴിച്ച ഭക്ഷണവും വാങ്ങിയിട്ടുണ്ട്. 199നായ്ക്കളെയാണ് പദ്ധതിയിലുൾപ്പെടുത്തി വന്ധ്യംകരിച്ചത്.

GO(MS) 22/2018 ത.സ്വ.ഭ.വ 14.02.2018-ാം നമ്പർ പദ്ധതി മാർഗ്ഗരേഖയിൽ ഖണ്ഡിക 11(2) പ്രകാരം നായ്ക്കളുടെ ഭക്ഷണ/ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ നായയൊന്നിന് ചെലവഴിക്കാവുന്ന പരമാവധി തുക 200/-രൂപയാണ്. എന്നാൽ നായയൊന്നിന് 271.66/- രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. പന്മനയിലെ മൃഗാശുപത്രി വരെയുള്ള ദൂരം കണക്കിലെടുത്ത് ഈ അധികച്ചെലവ് 2.2.19 ലെ 2(15) നം തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി അധികം ചെലവഴിച്ച 14,260/-രൂപ (54060-39800) ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

എൻക്വയറി നം-17/20.01.2020

നിരാകരിച്ച തുക-14,260/-രൂപ

## 1-19 വിനിയോഗ സാക്ഷ്യപത്രങ്ങളില്ല 90,000/-തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട്/നം | അടങ്കൽ/ഫണ്ടിനം | ബിൽനം/ ചെലവുതുക | നിർവഹണ ഏജൻസി |
|---|---|---|---|---|
| 1 | ജീവനം-സൗജന്യ ഡയാലിസിസ് സെന്ററിന് ജില്ലാ പഞ്ചായത്ത് വിഹിതം അടവാക്കൽ-72/19 | 50,000/- വികസന ഫണ്ട്(പൊതുവിഭാഗം) | 50,000/- 28/25.09.18 | കൊല്ലം ജില്ലാ പഞ്ചായത്ത് |
| 2 | അംഗനവാടി നം19ന് വാട്ടർ കണക്ഷൻ-വാർഡ്19(94/19) | 20,000/-വികസന ഫണ്ട്(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 20,000/- 32/13.3.19 | കേരളാ വാട്ടർ അതോറിറ്റി |
| 3 | കെ.വി പ്രയാർ എൽ.പി.എസ്സിനു വാട്ടർ കണക്ഷൻ(95/19) | 20,000- വികസനഫണ്ട്(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 20,000/- 14/29.09.18 | കേരളാ വാട്ടർ അതോറിറ്റി |
| | | ആകെ | 90,000/- | |

പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് അറിയിച്ചുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തികൾ പൂർത്തിയാക്കിയതിന്റെയും തുക പൂർണ്ണമായി വിനിയോഗിച്ചതിന്റെയും രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-90,000/-

എൻക്വയറി നം/തീയതി- 17 /21.01.2020

## 1-20 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 3,64,290/- രൂപ തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 60 വനിതാ ക്ഷീരകർഷകരെ ഗുണഭോക്താക്കളാക്കി വെറ്റിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതികൾക്കായി ചവറയിലെ കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (നം-799012700000180) വികസനഫണ്ടിൽ (പൊതുവിഭാഗം) നിന്നും
താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|
| 16/19 | 09-18-19/23.03.2019 | 93,750/- |
| | 11-18-19/25.03.2019 | 93,750/- |
| | 12-18-19/25.03.2019 | 93,750/- |
| | 13-18-19/28.03.2019 | 93,750/- |
| | ആകെ | 37,5000/- |

ക്ഷീരകർഷകരായ ഗുണഭോക്താക്കളുടെ ആറു മാസത്തിൽ താഴെ പ്രായമുള്ള കന്നുകുട്ടികളെ ഇൻഷൂർ ചെയ്ത് അവയുടെ പ്രസവം വരെയോ, കാലിത്തീറ്റ വിലയിൽ സബ്സിഡിയിനത്തിൽ അനുവദിക്കുന്ന തുക 12,500/-രൂപയിൽ എത്തുന്നത് വരെയോ തീറ്റ ലഭ്യമാക്കാനാണ് പദ്ധതി രൂപീകരിച്ച് തുക ഒടുക്കുവരുത്തിയിട്ടുള്ളത്. കോഴിമുക്ക് ക്ഷീരസംഘത്തെ(Q-443) കാലിത്തീറ്റ വിതരണം ഏൽപ്പിച്ചു കൊണ്ടുള്ള ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20.10.18 ലെ 20 (1) നം തീരുമാനത്തിന്റെ വിശദാംശങ്ങൾ, ഉരുക്കളെ പദ്ധതിയിൽ എൻറോൾ ചെയ്തതിന്റെ രേഖകൾ 10,710/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടുണ്ട്.

എന്നാൽ സൊസൈറ്റി വഴി ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മൃഗാശുപത്രിയിൽ സൂക്ഷിക്കുന്ന കന്നുകുട്ടി ജനന രജിസ്റ്റർ അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമാക്കിയിട്ടില്ല.പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ഈയിനത്തിൽ നല്കിയ 3,75,000/-രൂപയിൽ വിനിയോഗിച്ച 10,710/-രൂപ കഴികെയുള്ള 3,64,290/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറിനം-17 /18-19; 21.01.2020

തടസ്സപ്പെടുത്തിയ തുക- 3,64,290/- രൂപ

## 1-21 വെള്ളക്കരക്കുടിശ്ശിക-നടപടികൾ അനിവാര്യം

2018-19 സാമ്പത്തിക വർഷം 42/19-ാം നം പ്രോജക്ട് പ്രകാരം മെയിന്റനൻസ്

ഗ്രാന്റിൽ(നോൺ റോഡ്) നിന്നും 10,43,000/- രൂപ പ്രതിമാസമുള്ള വെള്ളക്കരമിനത്തിൽ അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുകയാണ് ഒടുക്ക് വരുത്തിയിരിക്കുന്നത്. 298 ടാപ്പുകൾക്കാണ് വാട്ടർ അതോറിറ്റി തുക ഈടാക്കുന്നത്. ഇതു കൂടാതെ കേരള ജല അതോറിറ്റിക്ക് അടയ്ക്കേണ്ട കുടിശ്ശികത്തുക എന്ന പദ്ധതി (207/19)പ്രകാരം 2,91,545/-രൂപ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്.

(ഡിമാന്റ്നോട്ടീസ് അനുസരിച്ചുള്ള തുക പ്രതിമാസം തനതുഫണ്ടിൽ നിന്നും ഒടുക്കുകയും മെയിന്റനൻസ് ഗ്രാന്റിൽ നിന്നും റീ ക്ലപ്പ് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. 2018 ഏപ്രിൽ മാസം ഇത്തരത്തിൽ 50,60,757/-രൂപ കുടിശ്ശികയുണ്ടായിരുന്നത് 2019 മാർച്ച് മാസം 61,45,804/-രൂപയായി മാറിയിട്ടുണ്ട്.)

കുടിവെള്ള ടാപ്പുകളുടെ എണ്ണം സംബന്ധിക്കുന്ന വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് പ്രവർത്തനക്ഷമമായ ടാപ്പുകൾ സംബന്ധമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല.പൊതുടാപ്പുകൾക്ക് മീറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടില്ല. ഉപയോഗശൂന്യമായ കുടിവെള്ള ടാപ്പുകൾക്ക് സ്ഥാപനം തുക അടവാക്കുന്നുണ്ടോ എന്ന് അറിയുവാൻ കഴിയുന്നില്ല . ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

വെള്ളക്കരക്കുടിശ്ശിക വർദ്ധനവിനെക്കുറിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ വിശദമായ പരാമർശങ്ങളുണ്ടെങ്കിലും സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന ജലത്തിനു മാത്രം തുക അടവാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടില്ല.

ജി.ഒ(ആർ.ടി) 2242/2011 തസ്വഭവ തീ 28.9.11 നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്. ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പദ്ധതികൾ കൂടുതലായി ഏറ്റെടുക്കുകയും ഉപയോഗശൂന്യമായ പൊതുടാപ്പുകൾ നിർത്തലാക്കുകയും ചെയ്ത് പ്രതി വർഷം ഗണ്യമായ തുക വാട്ടർ അതോറിറ്റിക്ക് നൽകുന്നത് ഒഴിവാക്കേണ്ടതാണ്. വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

എൻക്വയറി നം-14/20.01.2020

## 1-22 സി.സി .ടി.വി സ്ഥാപിക്കൽ-പദ്ധതിയ്ക്ക് മുൻകൂർ നൽകിയ 35,53,031/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് | സുരക്ഷിത ക്ലാപ്പന- തെരുവുകളിൽ സി.സി .ടി.വി സ്ഥാപിക്കൽ |
| പ്രോജക്ട് നം- | 167/19 |
| അടങ്കൽ | 45,00,000/- |
| | |

| | |
|---|---|
| ഫണ്ടിനം | തനതുഫണ്ട് |
| ചെലവ് | 35,53,031/- |
| ചെക്ക് നം/ തീയതി | 51800954/12.03.2019 |
| നിർവ്വഹണം | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്വൈര ജീവിതം ഉറപ്പാക്കുവാനും തെരുവുകളിലെ മാലിന്യം നിക്ഷേപിക്കൽ അവസാനിപ്പിക്കാനും വേണ്ടിയാണ് ബഹുവർഷ പ്രോജക്ടായി മേൽ പദ്ധതി ആവിഷ്കരിച്ചത്. 2018-19ൽ 45,00,000/- രൂപയും 2019-20 ൽ 43,82,577/- രൂപയും ഉൾപ്പെടെ 88,82,577/- രൂപയാണ്കെൽട്രോൺ വഴി നടപ്പിലാക്കുന്ന പദ്ധതിയുടെ അടങ്കൽ. പഞ്ചായത്തിലെ പ്രധാന റോഡുകളുടെ വശങ്ങളിൽക്കൂടി കേബിളിംഗ് നടത്തി പ്രധാനപ്പെട്ട 29 സ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിക്കാനാണ് കെൽട്രോൺ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയത്.25.02.2019 ൽ കെൽട്രോൺ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയും കരാർ തുകയുടെ 40%ശതമാനം തുക(35,53,031/-) മുൻകൂറായി കൈപ്പറ്റുകയും ചെയ്തു.

പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയെങ്കിലും നൂതനപദ്ധതിയായി സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല.
2) 2017-18 സാമ്പത്തിക വർഷം തനതു ഫണ്ടിൽ നിന്നും പദ്ധതികൾക്കു വേണ്ടി വകയിരുത്തിയ തുകയുടെ 15%ത്തേക്കാൾ അധികം തുക 2018-19ൽ വകയിരുത്തിയെങ്കിലും ആയതിനുള്ള സാമ്പത്തിക നില പഞ്ചായത്തിനുണ്ടെന്ന പെർഫോർമൻസ് ഓഡിറ്റ് വിംഗിന്റെ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല.
3) കെൽട്രോണിന്റെ എസ്റ്റിമേറ്റിൽ 40 ക്യാമറകൾക്ക് വേണ്ടിയുള്ള യു.പി.എസ്സിന് 2മണിക്കൂർ മാത്രമാണ് ബാക്ക്അപ്പ് പറഞ്ഞിട്ടുള്ളത്.
4) 2019-20ൽ പ്രവൃത്തി പൂർത്തീകരിച്ച് കെൽട്രോൺ ഫൈനൽ ബിൽ നൽകിയെങ്കിലും സ്ഥാപിച്ച ഉപകരണങ്ങൾ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.
5) ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാനാവശ്യമായ ട്രെയിനിംഗിനു വേണ്ടി എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും പഞ്ചായത്തിലെ ജീവനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള പരിശീലനം നൽകിയതായി കാണുന്നില്ല.ക്യാമറകൾ സ്ഥാപിച്ച ശേഷമുള്ള തുടർപ്രവർത്തനങ്ങളെപ്പറ്റി വ്യക്തതയില്ല.
6) പഞ്ചായത്ത് പരിധിയിലെ ക്രമസമാധാന പ്രശ്നങ്ങൾ പദ്ധതി നടപ്പിലാക്കാൻ പ്രേരകമായെന്നു അവകാശപ്പെടുമ്പോഴും ക്യാമറകളിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ പോലീസ് സ്റ്റേഷനുകൾക്ക് കൂടി പ്രാപ്യമാകുന്ന രീതിയിൽ നെറ്റ് വർക്കിംഗ് നടത്തിയിട്ടില്ല.
7) തനത് ഫണ്ട് വർദ്ധിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാതെ ലഭ്യമായ 82,00,000/- രൂപയുടെ സിംഹഭാഗവും ഏക പദ്ധതിയിൽ വകയിരുത്തിയ നടപടി

ഉചിതമല്ല.

8) പദ്ധതി നടത്തിപ്പിലെ അപാകതകളെക്കുറിച്ച് രാഷ്ട്രീയ പാർട്ടിയുടെ യുവജന സംഘടന നൽകിയ പരാതി അന്വേഷിക്കുന്നതിന് വ്യവസായ വകുപ്പിനും കെൽട്രോണിനും കത്തു നൽകിയിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രം ശേഷിക്കുന്ന തുക കൈമാറിയാൽ മതിയെന്നും ഗ്രാമപഞ്ചായത്ത് കമ്മറ്റി 6.8.19ൽ തീരുമാനമെടുത്തിട്ടുണ്ട്.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ കെൽട്രോണിന് മുൻകൂർ നൽകിയ 35,53,031/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർണ്ണമായും കുറ്റമറ്റ രീതിയിൽ നടപ്പിലാക്കിയതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറികൾക്ക് മറുപടി നൽകിയിട്ടില്ല.

എൻക്വയറി നം-13/20.01.2020, 22/22.01.2020

## 1-23 വിതരണ രേഖകളില്ല,ലൈബ്രറികൾക്ക് വേണ്ടി ചെലവഴിച്ച 1,89,048/- രൂപ തടസ്സപ്പെടുത്തുന്നു.

2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പരിധിയിലെ ലൈബ്രറികൾക്ക് വേണ്ടി വിവിധ പദ്ധതികൾ പ്രകാരം സെക്രട്ടറി ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | പ്രോജക്ട് നം | അടങ്കൽ | ചെലവ് | ബിൽ/ചെക്ക് നം;തീയതി |
|---|---|---|---|---|
| ലൈബ്രറികൾക്ക് ഫർണിച്ചർ | 98/19 | 150000/-വികസന ഫണ്ട്(പൊതുവിഭാഗം) | 150000/- | 25/21.08.18 |
| ലൈബ്രറികൾക്ക് ഫർണിച്ചർ-ബാക്കി തുക നൽകൽ | 166/18 | 31000-തനതുഫണ്ട് | 31000/- | 2131448/26.3.19 |
| ലൈബ്രറികൾക്ക് പുസ്തകങ്ങൾ | 172/18 | 40000/-തനതുഫണ്ട് | 8048 | 2131367/22.2.19 |
| | | ആകെ | 1,89,048/- | |

പുസ്തകങ്ങളും അവ സൂക്ഷിക്കാനുള്ള, ഷെൽഫുകളും വാങ്ങാനായി കറന്റ് ബുക്ക്സിന് തുകകൾ കൈമാറിയിട്ടുണ്ടെങ്കിലും പുസ്തകങ്ങളും ഉപകരണങ്ങളും വാങ്ങിയതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ലൈബ്രറികൾക്ക് സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുണ്ടോ എന്ന വിവരവും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള ഷെൽഫുകൾ വിതരണം ചെയ്യാൻ കറന്റ് ബുക്സിനെ തെരഞ്ഞെടുക്കുവാനുള്ള കാരണം വ്യക്തമല്ല. ഈ കാരണങ്ങളാൽ പുസ്തകങ്ങൾക്കും ഉപകരണങ്ങൾക്കുമായി

ചെലവഴിച്ച 1,89,048/-രൂപ തടസ്സപ്പെടുത്തുന്നു. വിതരണ വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം-17/21.01.2020

## 1-24 മാർഗ്ഗ രേഖയിൽ പ്രതിപാദിക്കാത്ത പദ്ധതി മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കി.

നാടൻ പശുക്കളെ വളർത്തുന്നതിനോടൊപ്പം ജൈവകൃഷി പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടു കൂടി വെറ്റിനറി സർജൻ നടപ്പിലാക്കിയ പദ്ധതിയാണ് നാടൻ പശു ഗ്രാമം (38/19). കാസർകോട് ഡ്വാർഫ് ഇനത്തിൽപ്പെട്ട 15,000/-രൂപാ വില വരുന്ന പശുക്കളെ 10പേർക്ക് വിതരണം ചെയ്യുന്ന പ്രോജക്ടിൽ 50%ഗുണഭോക്തൃ വിഹിതവും 50% സബ്സിഡിയുമാണ് വകയിരുത്തിയിരുന്നത്.(വികസന ഫണ്ട്-75000,ഗുണഭോക്തൃ വിഹിതം-സ്ഥാപനത്തിൽ അടയ്ക്കുന്നത്-75,000/-) .

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, വെറ്റിനറി സർജൻ, മൂന്ന് ഗുണഭോക്താക്കൾ എന്നിവർ ഉൾപ്പെട്ട പർച്ചേസ് കമ്മറ്റി 1.10.18ൽ രൂപീകരിച്ചു. നാടൻ പശുക്കൾ കൂടുതലുള്ള പെരുമ്പാവൂർ, കോട്ടയം, ഇടുക്കി മേഖലകളിലെ ഫാമുകൾ സന്ദർശിച്ച് ഉരുക്കളെ വാങ്ങാൻ പർച്ചേസ് കമ്മറ്റിയെ ചുമതലപ്പെടുത്തുവാൻ 31.10.18ലെ ഗ്രാമ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തു. ഇതിനു വേണ്ടിവരുന്ന ചെലവ് തനതു ഫണ്ടിൽ നിന്നും വഹിക്കുവാൻ 2.2.19 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയും തീരുമാനമെടുത്തു.

കാഞ്ഞിരപ്പള്ളിയിലെ മരിയാ ഗോട്ട് ഫാമിൽ നിന്നും 16.02.19ലെ 138/19നം ഇൻവോയ്സ് പ്രകാരം 10 പശുക്കളെ വാങ്ങി.(ബിൽ നം-8/28.2.19)

പ്രതിദിനം ശരാശരി രണ്ടു ലിറ്റർ പാൽ മാത്രമാണ് ഈയിനം പശുക്കൾ നൽകുന്നതെന്ന് പ്രാദേശിക പരിശോധനയുടെ ഭാഗമായി പശുക്കളുടെ ഉടമകളുമായി സംസാരിച്ചതിൽനിന്നും വ്യക്തമായി. മൃഗ സംരക്ഷണ മേഖലയിലെ പ്രഖ്യാപിത ലക്ഷ്യമായ ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്ഇത്തരം പശുക്കൾ പര്യാപ്തമല്ല.മൃഗങ്ങളിലെ തനതു ജനസ്സുകളുടെ പരിപാലനം ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നുമില്ല.

പദ്ധതി നടത്തിപ്പു സംബന്ധിച്ച മാർഗ്ഗ രേഖയിൽ ഈയിനം ഉൾപ്പെട്ടിട്ടില്ലെങ്കിലും നൂതന പദ്ധതി എന്ന നിലയിൽ അംഗീകാരം വാങ്ങിയല്ല പദ്ധതി നടപ്പിലാക്കിയത്.ഇതു സംബന്ധിച്ചു നൽകിയ എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല.

പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോഴും നടപ്പിലാക്കുമ്പോഴും മാർഗ്ഗ രേഖകൾ അടിസ്ഥാനമാക്കാനും ഫലപ്രാപ്തി കൂടി കണക്കിലെടുക്കുവാനും നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

എൻക്വയറി നം-17/21.01.2020

## 1-25 അതുല്യം പദ്ധതി-പഠിതാക്കളുടെ ഹാൾ ടിക്കറ്റ്,വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല 44,900/-രൂപ തടസ്സപ്പെടുത്തുന്നു

2018-19 സാമ്പത്തിക വർഷം ക്ലാപ്പന പഞ്ചായത്തിൽ എച്ച്.എം നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടാണ് അതുല്യം തുടർസാക്ഷരതാ പരിപാടി. (പ്രോജക്ട് നം-22/19). ആകെ 19 ഗുണഭോക്താക്കൾക്കായി പത്താം ക്ലാസ്സ്, പ്ലസ്ടു തുല്യതാ പരീക്ഷയ്ക്കായി (2500*15=37500/-, 1850*4=7400/-) വീതം ആകെ 44900/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പഠിതാക്കളുടെ ഹാൾടിക്കറ്റ്, തുക വിനിയോഗിച്ചതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. പ്രസ്തുത വിവരങ്ങൾ ആരാഞ്ഞു നൽകിയ എൻക്വയറിക്ക് ബന്ധപ്പെട്ട പ്രേരകിനോട് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും രേഖകൾ ലഭ്യമാകുന്ന മുറക്ക് ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 44,900/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ലഭ്യമാകുന്ന മുറക്ക് 44,900/- രൂപയുടെ തടസ്സം ഒഴിവാക്കുന്നതാണ്.

എൻക്വയറി നം-15 , തീയതി-20-01-2020

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി തുക ചെലവഴിച്ചു,14,260/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് | എ.ബി.സി പ്രോഗ്രാം |
| പ്രോജക്ട് നം | 37/19 |
| അടങ്കൽ | 2,00,000/-(തനതുഫണ്ട്) |
| ചെലവ് | 1,99,985 |
| ചെക്ക് നം/തീയതി | 0421945/26.03.19 |
| നിർവ്വഹണം | വെറ്റിനറി സർജൻ |

തെരുവുനായ്ക്കളുടെ വന്ധ്യംകരണത്തിന് ജില്ലാ പഞ്ചായത്തുമായി ചേർന്ന് പദ്ധതി നടപ്പിലാക്കാനാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നത്. ശസ്ത്രക്രിയയ്ക്കാവശ്യമായ മരുന്ന്, വാക്സിൻ, അനുബന്ധ സാധനങ്ങൾ,തീറ്റ,വാഹനം എന്നിവയ്ക്കായിട്ടാണ് തനതുഫണ്ടിൽ നിന്നും തുക വകയിരുത്തിയത്.

പന്മനയിലുള്ള കേന്ദ്രത്തിലേയ്ക്ക്നായ്ക്കളെ എത്തിക്കുവാൻ വാഹനം ഏർപ്പെടുത്തുവാൻ ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വോട്ടു ചെയ്തയാൾക്ക് വാഹന വാടകയിനത്തിൽ 50,000/- രൂപ നൽകുകയും ചെയ്തു. നായ്ക്കൾക്കു വേണ്ടി 4,060/- രൂപ ചെലവഴിച്ച് ഭക്ഷണവും വാങ്ങിയിട്ടുണ്ട്. 199നായ്ക്കളെയാണ് പദ്ധതിയിലുൾപ്പെടുത്തി വന്ധ്യംകരിച്ചത്.

GO(MS) 22/2018 ത.സ്വ.ഭ.വ 14.02.2018-ാം നമ്പർ പദ്ധതി മാർഗ്ഗരേഖയിൽ ഖണ്ഡിക 11(2) പ്രകാരം നായ്ക്കളുടെ ഭക്ഷണ/ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ നായയൊന്നിന് ചെലവഴിക്കാവുന്ന പരമാവധി തുക 200/-രൂപയാണ്. എന്നാൽ നായയൊന്നിന് 271.66/- രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. പന്മനയിലെ മൃഗാശുപത്രി വരെയുള്ള ദൂരം കണക്കിലെടുത്ത് ഈ അധികച്ചെലവ് 2.2.19 ലെ 2(15) നം തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി അധികം ചെലവഴിച്ച 14,260/-രൂപ (54060-39800) ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

എൻക്വയറി നം-17/20.01.2020

നിരാകരിച്ച തുക-14,260/-രൂപ

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19-7-19,20-7-19 | കെഎസ്സ്.എ-കെ.എൽ.എം. പി.8/1153/19, തീയതി- 2 .09.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

(മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത്, കൊല്ലം | 2017-18 | 400000 | 126/19 അംഗൻവാടി | 400000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | കെട്ടിട നിർമ്മാണം-വാർഡ്-4, അംഗൻവാടി നമ്പർ-6 | | |
| ജില്ലാപഞ്ചായത്ത്, കൊല്ലം | 2017-18 | 400000 | 127/19—അംഗൻവാടി കെട്ടിട നിർമ്മാണം-വാർഡ്-5 അംഗൻവാടി നമ്പർ-5 | 400000 | 0 |
| ജില്ലാപഞ്ചായത്ത്, കൊല്ലം | 2018-19 | 100000 | 12/19-അനുപൂരക പോഷകാഹാര പരിപാടി | 100000 | 0 |
| ജില്ലാപഞ്ചായത്ത്, കൊല്ലം | 2018-19 | 24000<br>36000 | 04/19-ശാരീരിക-മാനസിക വെല്ലുവിളികളുള്ള കുട്ടികളുടെ സ്കോളർഷിപ്പ് | 60000 | 0 |
| ജില്ലാപഞ്ചായത്ത്, കൊല്ലം | 2018-19 | 200000 | 69/19--പാലിന് സബ്സിഡി | 200000 | 0 |
| ജില്ലാപഞ്ചായത്ത്, കൊല്ലം | 2018-19 | 1490193 | 07/19--ലൈഫ് ഭവന പദ്ധതി | 1449195 | 40998 |
| ബ്ലോക്ക്പഞ്ചായത്ത്, ഓച്ചിറ | 2018-19 | 300000 | 12/19--അനുപൂരക പോഷകാഹാര പരിപാടി | 300000 | 0 |
| ബ്ലോക്ക്പഞ്ചായത്ത്, ഓച്ചിറ | 2018-19 | 1793098<br>1886777<br>340000 | 07/19--ലൈഫ്ഭവന പദ്ധതി | 4019875 | 0 |
| ബ്ലോക്ക്പഞ്ചായത്ത്, ഓച്ചിറ | 2018-19 | 200000 | 84/19-ഗാർഹിക കുടിവെള്ള കണക്ഷൻ | 155000 | 45000 |
| ബ്ലോക്ക്പഞ്ചായത്ത്, ഓച്ചിറ | 2018-19 | 200000 | 10/19-ഗാർഹിക കുടിവെള്ള കണക്ഷൻ | 75000 | 125000 |
| ബ്ലോക്ക്പഞ്ചായത്ത്, ഓച്ചിറ | 2018-19 | 300000 | കുടിവെള്ളം—പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 0 | 300000 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത്, ഓച്ചിറ | 2018-19 | 60000 | 04/19-ശാരീരിക-മാനസിക വെല്ലുവിളികളുള്ള കുട്ടികളുടെ സ്കോളർഷിപ്പ് | 60000 | 0 |

വാർഷികക്കണക്കുകൾ പ്രകാരം 6,52,282/-രൂപ ബ്ലോക്ക്പഞ്ചായത്ത് വിഹിതം മുൻബാക്കി ആയി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് വിനിയോഗിച്ചിട്ടില്ല. ബ്ലോക്ക്പഞ്ചായത്ത് വിഹിതമായി ലഭ്യമായ തുക ചെലവഴിക്കാതെ അവശേഷിക്കുന്നെങ്കിൽ ആയത് ബന്ധപ്പെട്ട അക്കൌണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത്, കൊല്ലം 2018-19 മുൻബാക്കി തുകയായ 800,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെൽട്രോൺ | സുരക്ഷിത ക്ലാപ്പന- തെരുവുകളിൽ സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ | 21801099, 30.03.2019 | 3553031/- | 0 | 3553031/- |
| കെൽട്രോൺ | പഞ്ചായത്ത് ഓഫീസ് കെട്ടിടം വൈദ്യുതീകരണം | 21801157, 23.03.2019 | 719058/- | 0 | 719058/- |
| ആർട്ട്കോ | പഞ്ചായത്ത് ഓഫീസ് കെട്ടിടം ഇൻറ്റീരിയർ ഫർണ്ണിഷിംഗ് | 21801156, 23.03.2019 | 441573/- | 0 | 441573/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,20,20,930/-രൂപ വരവുണ്ട്. മുൻബാക്കി -രൂപയടക്കം 1,20,20,930/-രൂപയിൽ 1,20,20,930/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 12020930/- | 0 | 0 | 0 | 1,20,20,930/- |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2017-18 | 2 | 2017-18 | 2 | തനത് ഫണ്ടിനായി ഒന്നിലധികം അക്കൗണ്ടുകൾ | |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 16467520 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 13812260 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14260 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4281269 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.1 | | 14260/- | ഡോ.ശ്രീജാ ലക്ഷ്മി വെറ്റിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ആളുടെ പേരും ഉത്തരവാദിയായ ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 40000/- | ശ്രീ. പ്രേംകുമാർ, വി.ഇ.ഒ |
| 1-19 | 90000/- | ശ്രീ. സുശീന്ദ്രൻ.കെ, സെക്രട്ടറി |
| 1-20 | 364290/- | ഡോ.ശ്രീജാ ലക്ഷ്മി, വെറ്റിനറി സർജൻ |
| 1-22 | 3553031/- | ശ്രീ. സുശീന്ദ്രൻ.കെ, സെക്രട്ടറി |
| 1-23 | 189048/- | ശ്രീ. സുശീന്ദ്രൻ.കെ, സെക്രട്ടറി |
| 1-25 | 44900/- | ശ്രീമതി.എൽ.ജലജ, എച്ച് .എം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രേംകുമാർ, വി.ഇ.ഒ | വി.ഇ.ഒ ക്ലാപ്പന ഗ്രാമപഞ്ചായത്ത് | കൊച്ചുകാട്ടിൽ ക്ലാപ്പന നോർത്ത് ക്ലാപ്പന.പി.ഒ |

| | | |
|---|---|---|
| ശ്രീ. സുശീന്ദ്രൻ.കെ<br>സെക്രട്ടറി | സെക്രട്ടറി<br>ക്ലാപ്പന ഗ്രാമപഞ്ചായത്ത് | അശോകം, അമ്പലത്തും ഭാഗം<br>പോരുവഴി |
| ഡോ.ശ്രീജാ ലക്ഷ്മി<br>വെറ്റിനറി സർജൻ | വെറ്റിനറി ആശുപത്രി<br>ക്ലാപ്പന | നെടിയത്ത് വീട്<br>പടനോർത്ത്<br>കരുനാഗപ്പള്ളി |
| ശ്രീമതി. എൽ.ജലജ ഹെഡ്മിസ്ട്രസ്സ് | ഗവ.എൽ.പി.എസ് വരവിള | കോട്ടയിൽ, ക്ലാപ്പന പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.എൽ.എം പി.8-381/18, തീയതി-21.02.18 | 4 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം പി.8-381/18, തീയതി-21.02.18 | 3 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം പി.8-381/18, തീയതി-21.02.18 | 3 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം പി.8-381/18, തീയതി-21.02.18 | 7 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം പി.8-381/18, തീയതി-21.02.18 | 3 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം പി.8-381/18, തീയതി-21.02.18 | 3 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം പി.8-381/18, തീയതി-21.02.18 | 2 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം പി.8-381/18, തീയതി-21.02.18 | 3 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം പി.8-381/18, തീയതി-21.02.18 | 3 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം പി.8-727(1)/19, തീയതി -29.05.19 | 2 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം പി.8-727(3)/19, തീയതി -29.05.19 | 1 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം പി.8-727(4)/19,തീയതി 29.05.19 | 2 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം പി.2-111/2016, | 3 |

| | | |
|---|---|---|
| | തീയതി -10.02.2016 | |
| 2012-13 | എൽ.എഫ്.ക്യൂ-പി2-1163/14, തീയതി-17/11/14 | 8 |
| 2013-14&2014-15 | കെ.എസ്.എ.കെ.എൽ.എം പി-2/231/16 തീയതി-3/10/16 | 14 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം പി-8/1823/16, തീയതി- 25/10/17 | 10 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം പി-8/1751/17, തീയതി- 09.04.18 | 13 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം പി-8/1485/18, തീയതി- 9/5/19 | 19 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം കൊല്ലം.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം 2018-19

നം.കെ.എസ്.എ-കെ.എൽ.എം. പി.8/455/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
പഴയ മുനിസിപ്പൽ ബിൽഡിംഗ്,
ചിന്നക്കട, കൊല്ലം.
പിൻ - 691 001, Ph: 0474 – 2740141
E-mail: doklm.ksad@kerala.gov.in
തീയതി:03/06/2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2 സംക്ഷിപ്തം1

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്